JANAYUGAM - 01-02-2025

# ഒക്കൽ ഫാം ഫെസ്റ്റിൽ കർഷക സംഗമം



മാലിന്യ സംസ്കരണത്തിൽ സംയുക്ത സഹകരണത്തിനുള്ള ധാരണാപത്രം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ സീനിയർ അഗ്രികൾച്ചർ ഓഫീസർ ജി ഫിലിപ്പിന് കൈമാറുന്നു

പെരുമ്പാവൂർ: സ്വച്ഛതാ ആക്ഷൻ പ്ലാനിന്റെ കീഴിലായി കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റും സ്റ്റേറ്റ് സീഡ് ഫാമും ചേർന്ന് 'മത്സ്യാവശിഷ്ടത്തിൽ നിന്ന് മൽസ്യ തീറ്റയും ജൈവവളനിർമ്മാണവും' എന്ന വിഷയത്തിൽ കർഷക സംഗമവും പരിശീലന പ്രദർശനവും ഒക്കൽ ഫാം ഫെസ്റ്റിൽ സംഘടിപ്പിച്ചു. കൃഷിയിലെ സുസ്ഥിരമായ രീതികളും നൂതനമായ ആശയങ്ങളും ചർച്ച ചെയ്യാൻ കർഷകരെയും ശാസ്ത്രജ്ഞരെയും കാർഷിക വിദഗ്ദരേയും ഒരുമിച്ച് കൊണ്ടുവരുക എന്നതാണ് സംഗമത്തിന്റെ ലക്ഷ്യം. സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ്ജ് നൈനാൻ അധ്യക്ഷത വഹിച്ചു.

മാലിന്യ സംസ്കരണത്തിൽ സംയുക്ത സഹകരണത്തിനുള്ള ധാരണാപത്രം സീനിയർ അഗ്രികൾച്ചർ ഓഫീസർ ജി ഫിലിപ്പിന് സിഫ്റ്റ് ഡയറക്ടർ കൈമാറി. മത്സ്യമാർക്കറ്റിലെ മാലിന്യം മൽസ്യ തീറ്റയും ജൈവവളവുമാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള ഉൽപ്പാദന പ്രക്രിയയുടെ വിശദാംശങ്ങൾ സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. ബിൻസി പികെയും ഡോ. എ ജയകുമാരിയും അവതരിപ്പിച്ചു. സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സൈനുദ്ധീൻ എഎയും മറ്റ് ശാസ്ത്രജ്ഞരും കർഷകരുമായി ചർച്ച നടത്തുകയും സംശയങ്ങൾക്ക് ഉത്തരം നൽകുകയും സിഫ്റ്റിലെ സാങ്കേതികവിദ്യകളെ കുറിച്ച് കർഷകർക്ക് വിദഗ്ധ മാർഗനിർദേശവും നൽകി. കർഷകരും കൃഷി ഓഫീസർമാരും സംഗമത്തിൽ പങ്കെടുത്തു.